പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3343     16/12/2015-ൽ മറുപടിയ്ക്ക്

## സമഗ്ര കാർഷിക നയം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സമഗ്ര കാർഷിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. സമഗ്ര കാർഷിക നയത്തിന് രൂപം നല്കുകയും ആയത് അംഗീകരിച്ച് 28.03.2015-ലെ സ.ഉ(പി) നം.59/15/കൃഷി ആയി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) എങ്കിൽ പ്രസ്തുത നയം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ബി) കൃഷി ഭൂമി പരാമാവധി ഉപയോഗപ്പെടുത്തി കാർഷിക വൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കുക, കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കുക, കൃഷി ഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കുക, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേയ്ക്കാകർഷിക്കുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങളാണ് കാർഷിക വികസന നയം നടപ്പാക്കുന്നത് വഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടുന്നത്. |

| | | |
|---|---|---|
| സി) | കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | സി) കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കുന്നതിനായി പഞ്ചായത്ത്തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങുന്നതിന് നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. കാർഷിക രംഗത്ത് 100 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോൽസാഹന ധനസഹായം നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് (നയം 41-ഉം 42-ഉം അനുബന്ധമായി ചേർത്തിട്ടുണ്ട്). |

സെക്ഷൻ ഓഫീസർ

ശിച്ചത്. ഇതുപ്രകാരം കർഷകർക്കായി നൽകുന്ന ധനസഹായം പ്രാഥമിക വരുമാന മാർഗ്ഗം കൃഷിയായി സ്വീകരിച്ചവർക്ക് മാത്രം നൽകണമെന്നും എല്ലാ ക്ഷേമപരിപാടി കളിലും ചെറുകിട-നാമമാത്ര കർഷകർക്ക് മുൻഗണന നൽകണമെന്നും നിർദ്ദേശിക്ക പ്പെട്ടു.

12.4.2. സുഗന്ധവിളകൾ, തേങ്ങ, മറ്റുല്പന്ന ങ്ങൾ ഇവയിൽനിന്നുള്ള നികുതി, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള സംഭാ വന, ദേശീയ-സഹകരണ ബാങ്കുകളിൽ നിന്നുമുള്ള സംഭാവന, കാർഷികവ്യാപാര ത്തിലും കയറ്റുമതിയിലും ഏർപ്പെട്ടി രിക്കുന്നവരിൽ നിന്നുള്ള തീരുവ എന്നിവ യിൽനിന്നും ഒരു നിശ്ചിതതുക വാർഷി കമായോ അർത്ഥവാർഷികമായോ സ്വരൂപി ക്കേണ്ടതാണ്.

**12.5 നയം 40. കർഷകർക്ക് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രൂപവല്കരിക്കേണ്ടത് അത്യാവശ്യമാണ്.**

12.5.1. കാലാവസ്ഥാവ്യതിയാനവും പ്രകൃതി യിൽവരുന്ന മാറ്റവും കാരണം ആരോഗ്യത്തി നായി ആളൊന്നിന് അധികമായി ചെലവിട്ട തുക എൻ.എസ്.എസ്.ഒ.യുടെ കണക്കു പ്രകാരം 92 രൂപയാണ്. പരമാവധി 10 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്ന ആരോ ഗ്യ-ജീവൻസുരക്ഷാ ഇൻഷ്വറൻസ്, മാന്യമായ പെൻഷൻതുക, കുട്ടികളുടെ വിദ്യാഭ്യാസ ത്തിനും കല്യാണത്തിനും വേണ്ടിയുള്ള വായ്പ ഇതൊക്കെയാണ് ക്ഷേമബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ. കാർഷികവൃത്തിക്കിടയി ലുണ്ടാകുന്ന അപകടങ്ങൾക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. കുടുംബപെൻഷനാണ് മറ്റൊരു സവിശേഷത.

12.5.2. പ്രഥമ ഉപജീവനമാർഗവും ഏക വരു മാനമാർഗവും കൃഷിയായിരിക്കുകയും രണ്ടു ഹെക്ടറിൽത്താഴെ ഭൂമിയുണ്ടായിരിക്കുകയും ചെയ്യുന്ന കർഷകരാണ് ഈ പദ്ധതിയിൻ കീഴിൽ വരുന്നത്.

**12.6 നയം 41. കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കാനായി പഞ്ചായത്തു തല ത്തിൽ തൊഴിൽബാങ്കുകൾ തുടങ്ങണം.**

12.6.1. ബ്ലോക്കുതലവുമായി ഏകോപിപ്പിച്ച് പഞ്ചായത്തുതലത്തിൽ ഒരു തൊഴിൽബാങ്ക് രൂപപ്പെടുത്തുകയും തൊഴിലുറപ്പുപദ്ധതി യിലെ തൊഴിലാളികളെ കൃഷിക്കും അനുബന്ധപ്രവർത്തനങ്ങൾക്കുമായി നിയോ ഗിക്കുകയും ചെയ്ത് കാർഷികരംഗത്തെ തൊഴിൽക്ഷാമം പരിഹരിക്കാവുന്നതാണ്.

12.6.2. ഈ തൊഴിലാളിബാങ്ക് അംഗങ്ങൾക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടു ക്കാനുള്ള ഉപാധിയാവുകയും, ഒപ്പം, ചെയ്യുന്ന ജോലിയ്ക്കനുസരിച്ച് ESI, പെൻഷൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ക്കൊടുക്കുകയും വേണം. ഈ ആനുകൂല്യ ങ്ങൾ ലഭിക്കാൻ കാർഷികരംഗത്ത് ഒരു വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും ജോലി എടു ക്കേണ്ടതാണ്. വൈദഗ്ധ്യം കുറവുള്ള തൊഴിലാളികൾക്ക് വേണ്ടിമാത്രമാണ് ഈ കൂട്ടായ്മ.

**12.7 നയം 42. കാർഷികരംഗത്ത് നൂറുദിവ സത്തിൽ കുറയാതെ ജോലിചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോത്സാ ഹന ധനസഹായം നൽകണം.**

12.7.1. കാർഷികോല്പാദനത്തിന് നേരിട്ട് സംഭാവനചെയ്യുന്ന കർഷകത്തൊഴിലാളി കൾക്ക് ഉല്പാദനത്തിനനുസരിച്ച് പ്രോത്സാ ഹന ധനസഹായം നൽകണം. ഇതിന് അർഹരാവാൻ ഒരു വർഷം കുറഞ്ഞത് നൂറു ദിവസമെങ്കിലും കാർഷികമേഖലയിൽ ജോലി ചെയ്തിരിക്കണം.

12.7.2. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള തൊഴിലാളികളാണ് ജോലി ചെയ്യുന്നതെങ്കിൽ അവർക്കും ഈ സൗകര്യങ്ങളും സഹായങ്ങളും ലഭ്യമാക്കണം. അതുവഴി നമുക്ക് വർഷംമുഴുവനും തൊഴിലാളിലഭ്യത ഉറപ്പുവരുത്താനാവും.

12.7.3. ഫണ്ട് സ്വരൂപിക്കുന്നതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ കാർഷിക വികസനനയരേഖയിലെ ഭാഗം 20.5 ൽ വിശദീകരിച്ചിട്ടുണ്ട്.